(സി) യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് കത്ത് അയച്ചിട്ടുണ്ട്.

90(1056) കൊല്ലം വിരുദുനഗർ റെയിൽവേയുടെ ഗേജ് മാറ്റം

ശ്രീ.എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-വിരുദുനഗർ റെയിൽവേയുടെ ഗേജ് മാറ്റം സംബന്ധിച്ച പണികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ഇതിന്റെ പണികൾ കൊല്ലത്തുനിന്നും ആരംഭിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഗേജ് മാറ്റത്തിന്റെ മുന്നോടിയായി പാലങ്ങളുടെ ബലപ്പെടുത്തലും പുതിയപാലം പണിയും കൊല്ലം-ചെങ്കോട്ടറൂട്ടിൽ ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ എന്നേയ്ക്ക് ഈ പണി ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പണികൾ ഔദ്യോഗികമായി ആരംഭിക്കുകയും ടെൻഡർ വിളിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിന്റെ പണികൾ കൊല്ലത്തുനിന്നും ആരംഭിക്കുവാനല്ല റയിൽവേ തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ഇതിന്റെ പണികൾക്കുള്ള ഫണ്ട് അനുവദിച്ചുകഴിഞ്ഞു. എന്നാൽ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാനാവില്ല.

91(1057) ദേവസ്വം ബോർഡിന്റെ പ്രവർത്തനം

ശ്രീ.എം.എ. തോമസ് :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേവസ്വം ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡിന്റെ വരവുചെലവ് സംബന്ധിച്ച ഫലപ്രദമായ ഓഡിറ്റ് സംമ്പ്രദായം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേവസ്വം ബോർഡിന്റെ 1998-99-ലെ വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ദേവസ്വം ബോർഡ് ശബരിമലയിൽ ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; എന്തു തുകയുടെ വികസനപദ്ധതിയ്ക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് പറയുമോ;

(എഫ്) തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ദേവസ്വം ബോർഡുകളുടെ ഭരണം 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമമനുസരിച്ചാണ് നടക്കുന്നത്. ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ദേവസ്വം ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാനോ നിർദ്ദേശങ്ങൾ നൽകാനോ സർക്കാരിന് അധികാരമില്ല.

(സി) തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപന നിയമമനുസരിച്ച് ദേവസ്വം ബോർഡുകളുടെ ഓഡിറ്റ് സംബന്ധിക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിക്ഷിപ്തമാണ്. കോടതി ഉത്തരവനുസരിച്ച് ലോക്കൽ ഫണ്ട് എക്സാമിനർ കൺകറന്റ് ഓഡിറ്റ് നടത്തി റിപ്പോർട്ട് ഹൈക്കോടതിക്ക് സമർപ്പിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിൻമേൽ ഹൈക്കോടതിയാണ് ആവശ്യമായ നടപടി സ്വീകരിക്കുന്നത്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 1998-99-ലെ വരുമാനം 76.40 കോടി രൂപയാണ്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ 1998-99-ലെ വരുമാനം 17.69 കോടി രൂപയാണ്.

(ഇ) തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങളാണ് ദേവസ്വം ബോർഡ് ചെയ്തുവരുന്നത്.

1. താമസസൗകര്യത്തിനായി 154 മുറികളുള്ള പിൽഗ്രിം സെന്ററും 24 മുറികൾ വീതമുള്ള 2. ഡോണർ ഹൗസുകളുടെയും നിർമ്മാണം.

2. പാണ്ടിത്താവളത്ത് 200-ഉം പമ്പയിൽ 100-ഉം പുതിയ കക്കൂസുകളുടെ നിർമ്മാണം.

3. ശരംകുത്തിമുതൽ സന്നിധാനം വരെ ചുക്കുവെള്ള വിതരണ കൗണ്ടറുകൾ,

4. അപ്പാച്ചിമേടുമുതൽ ശബരിപീഠം വരെയുള്ള നടപ്പാത കോൺക്രീറ്റ് ചെയ്ത് കൈവരിയും പടികളും സ്ഥാപിക്കൽ.

5. പ്രസാദ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ.

6. അപ്പാച്ചിമേടിൽ കാർഡിയോളജി സെന്ററുകൾക്കുള്ള കെട്ടിട നിർമ്മാണം.(വനഭൂമി ലഭ്യമാക്കിയതിനുശേഷം)

7. പമ്പയിൽ മാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി ഏകദേശം 10 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി പോലീസ് ഡിപ്പാർട്ടുമെന്റും മറ്റു വകുപ്പുകളും നടപടി സ്വീകരിച്ചു വരുന്നുണ്ട്. സുരക്ഷിതത്വക്രമീകരണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

92 (1058) ഗുരുവായൂർ ദേവസ്വം ഭരണസമിതി

ശ്രീ. വി. ബാലറാം :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.1999-ൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ബി) അവരിൽ 15.5.1999 ന് മുമ്പ് രാജിവച്ചവർ ആരെല്ലാമാണ്;

(സി) അവർ രാജിവയ്ക്കുവാനുള്ള കാരണങ്ങൾ എന്തായിരുന്നു;

(ഡി) പ്രസ്തുത ദേവസ്വം ഭരണസമിതിക്കെതിരെ എന്തെങ്കിലും അഴിമതി ആരോപണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഇ) ഈ ആരോപണങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(എഫ്) അഴിമതി ആരോപണത്തിന് വിധേയരായവരെ പ്രോസിക്യൂട്ട് ചെയ്യണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ജി) ഈ ആവശ്യം ആരെല്ലാമാണ് ഉന്നയിച്ചത്;

(എച്ച്) ഈ ആവശ്യം അംഗീകരിക്കാതിരിക്കുവാനുള്ള കാരണം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1.4.1999-ൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരായിരുന്നു.

1. സാമൂതിരി രാജ

2. ശ്രീ. പരമേശ്വരൻ നമ്പൂതിരിപ്പാട്-മല്ലിശ്ശേരി ഇല്ലത്തെ ഇപ്പോഴത്തെ കാരണവർ.

3. ശ്രീ. ചേന്നാസ് ദിവാകരൻ നമ്പൂതിരിപ്പാട്. തന്ത്രി, ഗുരുവായൂർ ക്ഷേത്രം.

(ഇവർ 3 പേരും സ്ഥിരാംഗങ്ങൾ ആണ്)

4. പ്രൊഫ. കെ.ആർ. രാമൻ കർത്താ

5. ശ്രീ. എ. രാധാകൃഷ്ണൻ

6. ശ്രീ. മാടപ്പാട് മുരളി

7. ശ്രീ. വി.കെ. ബാബു

8. ശ്രീ. കെടാമംഗലം സദാനന്ദൻ

9. ശ്രീ. പി.കെ. നാരായണപ്പണിക്കർ.

LIBRARY ARCHIVES Kerala Legislative Assembly